# ആമുഖം

ജില്ലയിലെ പ്രൈമറിതലം മുതൽ സെക്കണ്ടറിതലം വരയുള്ള അധ്യാപകർക്ക് അക്കാദമിക മേഖലയിൽ ദിശാബോധം നൽകുന്നതനു വേണ്ടിയുള്ള സ്ഥാപനമാണ് ഡയറ്റ്. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി രൂപം കൊണ്ട ഡയറ്റ് കേരളത്തിൽ ശ്രദ്ധേയമായ ഒട്ടനവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണം, അധ്യാപകപരിശീലനം തുടങ്ങിയ മേഖലയിൽ കേരള സംസ്ഥാനത്ത് നടക്കുന്ന പരിവർത്തനോന്മുഖമായ എല്ലാ പരിപാടികളുടേയും അമരത്ത് ഡയറ്റിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു.

കേരളത്തിനോട് സമാനമായി മറ്റു സംസ്ഥാനങ്ങളിൽ നടക്കുന്ന നൂതനപ്രവർത്തനങ്ങൾ കാണുന്നതും അവയെക്കുറിച്ചു പഠനങ്ങൾ നടത്തുതും സംസ്ഥാനത്ത് നടക്കുന്ന പ്രവർത്തങ്ങൾക്ക് ആക്കം കൂട്ടുമെന്ന കാര്യത്തിൽ തർക്കമില്ല. 2008-09വർഷത്തിൽ വയനാട് ഡയറ്റിന്റെ ആിമുഖ്യത്തിൽ പശ്ചിമ ബംഗാൾ, ഒറീസ്സ എന്നീ സംസ്ഥാനങ്ങൾ സന്ദർശിച്ചിരുന്നു. ഇത് ഡയറ്റ് ഫാക്കൽട്ടി അംഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് കരുത്തേകിയിട്ടുണ്ട്.

ഈ വർഷം പഞ്ചാബ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുന്നതിനുള്ള അംഗീകാരം ഗവൺമെന്ററിൽ നിന്ന് ലഭിച്ചു. ഇതിൻ പ്രകാരം നടത്തിയ യാത്രയിൽ ഫാക്കൽട്ടി അംഗങ്ങൾക്കുണ്ടായ പഠനാനുഭവം പങ്കുവെക്കുകയാണ് *പുതുവഴി തേടി* എന്ന ഈ റിപ്പോർട്ടിലൂടെ. ഈ റിപ്പോർട്ട് തുടർനടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയരക്ടർക്കു സമർപ്പിക്കുന്നു

സുൽത്താൻവത്തേരി
31-3-10

പി.അബ്ദുൽ റസാക്ക്
പ്രൻസിപ്പാൾ
ഡയറ്റ് വയനാട്

DIET WAYANAD

**പഠനലക്ഷ്യം**

- മറ്റു സംസ്ഥാനങ്ങളിലെ പ്രൈമറി - സെക്കണ്ടറി തലങ്ങളിലെ പൊതു വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള അവസ്ഥയും അതിനെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങളുടെ സ്ഥിതിയും പൊതുവായും ട്രൈബൽ വിഭാഗം കുട്ടികളുടെ പഠനത്തിന്റെ ഇത്തരം അവസ്ഥകൾ സവിശേഷമായും മനസ്സിലാക്കുകയും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ സ്വീകാര്യമായവ കണ്ടെത്തുകയും ചെയ്യുക.
- മറ്റു സംസ്ഥാനങ്ങളിലെ ജനജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും നേരനുഭവങ്ങൾ ടീമംഗങ്ങൾക്ക് ലഭിക്കുക.



**യാത്രാകാലം**

2010 മാർച്ച് 10 മുതൽ 2010 മാർച്ച് 20 വരെ.

**സന്ദർശിച്ച ഇടങ്ങൾ**

**പഞ്ചാബ്**



ഡയറ്റ് അമൃതസർ

എസ്.എസ്.എ. സംസ്ഥാന ഓഫീസ്

പഡോ പഞ്ചാബ് ജില്ലാ കേന്ദ്രം

ജി.എൽ.പി.എസ്. ഹർലാൽസ്ഥർ, ചണ്ഡീഗഡ്

ജാലിയൻവാലാബാഗ് സ്മാരകം, അമൃതസർ

സുവർണക്ഷേത്രം, അമൃതസർ

വാഗാഅതിർത്തി

ചണ്ഡീദഡ് നഗരം

റോക്ക് ഗാർഡൻ, ചണ്ഡീഗഡ്

**രാജസ്ഥാൻ**

ഡയറ്റ് ജയ്പൂർ

സീനിയർ സെക്കണ്ടറി സ്കൂൾ മാളവിയാ നഗർ, ജയ്പൂർ

ഗവ: സീനിയർ സെക്കണ്ടറി സ്കൂൾ ഫോർ ബോയ്സ്, ഗോനാർ, ജയ്പൂർ

ജയ്പൂർ നഗരവും പുരാതന കൊട്ടാരങ്ങളും സ്മാരകങ്ങളും.

# തെളിച്ചങ്ങളും തിരിച്ചറിവുകളും

**വിദ്യാഭ്യാസ സംവിധാനം**

പഞ്ചാബിലായാലും രാജസ്ഥാനിലായാലും പാഠ്യപദ്ധതി പരിഷ്കരണം കാര്യമായി നടന്നിട്ടില്ലാത്ത ഒരു സ്ഥിതിയാണ് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ കേരളവുമായി താരതമ്യം ചെയ്യുന്നതിൽ അത്ര യുക്തിയില്ല. എന്നാൽ നിലനിൽക്കുന്ന പഠനരീതിയെ



ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ചില ഇടപെടലുകൾ നടക്കുന്നതായി കാണാം. ഉദാ: പഡോപഞ്ചാബി എന്ന പ്രോജക്ട് എസ്.എസ്.എ.യുടെ നേതൃത്വത്തിൽ നടക്കുന്നു. ഇതിന്റെ ഭാഗമായി ക്ലാസുകളിൽ ചിട്ടയായ പ്രവർത്തനങ്ങൾ നടക്കുന്നതായി കാണാം. ക്ലാസ് മുറിയുടെ ക്രമീകരണം, പഠനോപകരണങ്ങളുടെ വ്യത്യാസം, ഉപയോഗം തുടങ്ങിയവയിൽ അധ്യാപകർ ശ്രദ്ധകാണിക്കുന്നുണ്ട്. അത് ആ അർത്ഥത്തിൽ ഗുണം ചെയ്യുന്നുമുണ്ട്. പുരോഗമനപരമായ പാഠ്യപദ്ധതിയോ പഠനസമീപനമോ ഇല്ലാത്തതിനാൽ അത്തരത്തിലുള്ള ഗുണഫലമുണ്ടാക്കില്ലെന്നുമാത്രം. ഇത്തരം ചിട്ടയും ക്രമങ്ങളും ചില നിർബന്ധബുദ്ധിയും നമ്മുടെ സ്കൂൾസംവിധാനത്തിൽ അത്യാവശ്യമായി ഉണ്ടാകേണ്ടതുണ്ട് എന്ന് ഇതു കാണുമ്പോൾ തോന്നുന്നു.

ഡയറ്റുകൾക്ക് സ്കൂൾ വിദ്യാഭ്യാസത്തിൽ മെച്ചപ്പെട്ട റോൾ ഇല്ലാത്ത സ്ഥിതിയാണ് രണ്ടിടത്തുമുള്ളത്. എസ്.എസ്.എ.യുടെ പ്രവർത്തനം അതിന്റെ വഴിക്കു നടക്കുന്നു. പരശീലനം തയ്യാറാക്കുന്നതും നടത്തുന്നതുമെല്ലാം എസ്.എസ്.എ.യോ എസ്.സി.ഇ.ആർ.ടി.യോ ആണ്. ഡയറ്റിന് നാമമാത്രമായ പങ്കാളിത്തം ഉണ്ടെന്നു മാത്രം. പ്രീ സർവീസ് പരിശീലനമാണ് ഡയറ്റിന്റെ മുഖ്യജോലി എന്നു പറയാം. പിന്നെ ഫാക്കൽറ്റി അടിസ്ഥാനമാക്കിയുള്ള ചില പരിശീലനപരിപാടികളും.

ഡയറ്റിന്റെ ഘടനയിൽ ചില വ്യത്യാസങ്ങൾ കാണാൻ കഴിയും. പ്രത്യേകിച്ചും പ്രീ സർവീസ് ഫാക്കൽറ്റിയിൽ. ആറു ബ്രാഞ്ചുണ്ട്. ഓരോന്നിലും ഒരു ഹെഡും ഒരു ലക്ചററും ഉണ്ട്. പഞ്ചാബിൽ DRUE ഫാക്കൽറ്റി ഇല്ല. ഡയറ്റിന്റെ പ്രവൃത്തി ദിവസങ്ങൾ ആഴ്ചയിൽ ഗവ: ഓഫീസുകളെപ്പോലെ അഞ്ചു ദിവസം മാത്രമാണ്. സ്കൂളുകൾക്ക് ആറു ദിവസമാണ് പ്രവൃത്തി.

ഡയറ്റിലെ അധ്യാപകരുടെ തസ്തികകൾ വിദ്യാഭ്യാസ വകുപ്പിലെ മറ്റു സ്ഥാപനങ്ങളിലേക്ക് സ്ഥലം മാറ്റത്തിന് സാധ്യതയുള്ളതാണ്. പ്രമോഷൻ വഴിയാണ് ഡയറ്റിലേക്ക് നിയമനം. പഞ്ചാബിൽ 20 ജില്ലകളുള്ളതിൽ 12 എണ്ണത്തിലേ ഡയറ്റുകൾ വ്യവസ്ഥാപിതമായിട്ടുള്ളൂ. അഞ്ചിടങ്ങളിൽ സ്റ്റാഫിന്റെ എണ്ണം കുറച്ചുമാത്രമുള്ള ടെലിസ്കോപ്പിക് ഡയറ്റ് (Telescopic DIET) എന്ന താൽക്കാലിക സംവിധാനമാണുള്ളത്.

**പഠനനേട്ടം – രാജസ്ഥാൻ**
**ക്ലാസ് – 4**

| | വായന | ലേഖനം | ഗണിതം |
|---|---|---|---|
| എല്ലാ വിഭാഗവും | 45.65 | 55.71 | 44.28 |
| എസ്.സി. | 42.61 | 54.25 | 42.28 |
| എസ്.ടി. | 40.05 | 53.75 | 38.60 |
| ഒ.ബി.സി. | 48.14 | 56.46 | 46.24 |

അധ്യാപകപരിശീലങ്ങളെല്ലാം പ്രവൃത്തി ദിവസങ്ങളിലാണ് നടത്തുന്നത്. അവധിക്കാല പരിശീലനങ്ങൾ ഇല്ല. വിദ്യാലയങ്ങളിൽ എസ്.എസ്.എ. നൽകിയ



കമ്പ്യൂട്ടറുകൾ ഉണ്ട്. ഗ്രേഡിംഗ് സമ്പ്രദായം രണ്ടിടങ്ങളിലും കൊണ്ടുവന്നിട്ടില്ല. രാജസ്ഥാനിൽ ഗ്രേഡിംഗ് സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയിട്ടുണ്ടെന്നു മാത്രം. തുടർച്ചയായ മൂല്യനിർണയ സമ്പ്രദായം (CE) തുടങ്ങുമെന്ന് പറയുന്നുണ്ടെങ്കിലും പാഠ്യപദ്ധതിയിൽ കാതലായ ഒരു മാറ്റവും വരുത്താത്തതിനാൽ അതിൽ വലിയ കഴമ്പില്ലെന്നു കരുതാം.

പറയുന്നുണ്ട്. പാഠപുസ്തകങ്ങൾ മാറ്റാൻ ശ്രമങ്ങൾ തുടങ്ങയിട്ടുണ്ട്. Edcil ന്റെ സഹായത്തോടെ രണ്ടു പുസ്തകങ്ങൾ മാത്രം പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. ട്രെയ്നർമാരുടെ സ്കൂൾ സന്ദർശനത്തിന്റെ ഭാഗമായി സ്കൂളിൽ ഒരു ഡയറി വെക്കുന്ന സമ്പ്രദായം എസ്.എസ്.എ. ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പെർഫോർമൻസ് ഡയറി സൂക്ഷിക്കുന്നത് ക്ലസ്റ്റർ ട്രെയ്നറാണ്. ഇതിന്റെ വികസിതരൂപം നമ്മുടെ സംവിധാനത്തിന്റെ ഭാഗമായി ആലോചിക്കാവുന്നതാണ്.

സമഗ്രവും നിരന്തരവുമായ മൂല്യനിർണയം (CCE) ഏർപ്പെടുത്താനുള്ള ശ്രമങ്ങൾ എസ്.എസ്.എ.യുടെ നേതൃത്വത്തിൽ തുടങ്ങിയിട്ടേയുള്ളൂ.

## പഞ്ചാബ് – വിദ്യാഭ്യാസസ്ഥിതി വിവരങ്ങൾ

ജനസംഖ്യ : 243.59 ലക്ഷം

സാക്ഷരത : 69.7 %

വിദ്യാലയങ്ങൾ :

- പ്രൈമറി : 13212
- മിഡിൽ : 2493
- ഹൈസ്കൂൾ/ഹയർ സെക്കണ്ടറി : 3977

**വിദ്യാലയത്തിലെത്തുന്ന കുട്ടികൾ**

| | ആൺ | പെൺ | ആകെ |
|---|---|---|---|
| പ്രീ പ്രൈമറി സ്കൂൾ | 17837 | 12781 | 36618 |
| പ്രൈമറി സ്കൂൾ | 1000055 | 889958 | 1890013 |
| മിഡിൽ സ്കൂൾ | 530196 | 477190 | 1007386 |
| ഹൈസ്കൂൾ | 262578 | 239815 | 502393 |
| ഹയർ സെക്കണ്ടറി സ്കൂൾ | 156749 | 129922 | 286671 |
| **ആകെ** | **1967415** | **1749666** | **3717081** |

എസ്.എസ്.എ.യുടെ നേതൃത്വത്തിൽ നടക്കുന്ന പഡോപഞ്ചാബി പ്രവർത്തനം നല്ല നിലയിലാണു നടക്കുന്നത്. പക്ഷേ പാഠ്യപദ്ധതി പഴയതുതന്നെ. മിക്കവാറും MLL പദ്ധതിയുടെ ആവർത്തനമാണ്. എങ്കിലും പദ്ധതി നടത്തിപ്പിലെ ചിട്ടയും ഏകോപനവും

**ഉച്ചഭക്ഷണ പരിപാടി**

പഞ്ചാബിലും രാജസ്ഥാനിലും ഉച്ചഭക്ഷണ പരിപാടി മികവു പുലർത്തുന്നു. പ്രാദേശിക സംഘടനകളുടെയും ട്രസ്റ്റുകളുടെയും സഹകരണത്തോടെ വിഭവങ്ങൾ കൂടുതലായി വേണ്ടത്ര അളവിൽ നൽകുന്ന രീതി മിക്കയിടങ്ങളിലുമുണ്ട്. ചപ്പാത്തി, ചോറ്/ പുലാവ്, സാമ്പാർ, സബ്ജി എന്നിവയെല്ലാം ഉച്ചഭക്ഷണത്തിനും നൽകുന്ന വിദ്യാലയങ്ങളുണ്ട്. രാജസ്ഥാനിൽ ഉച്ചഭക്ഷണത്തിന്റെ 25% ചെലവ് കേന്ദ്ര ഗവൺമെന്റും ബാക്കി NGO പോലുള്ള സംഘങ്ങളുമാണ് വഹിക്കുന്നത്.



ഇക്കാര്യങ്ങളിലെ നല്ല വശങ്ങൾ സ്വീകരിച്ച് നമ്മുടെ വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പരിപാടി കൂടുതൽ മികച്ചതാക്കാൻ സാധിക്കുമെന്നാണ് ഇതെല്ലാം കണ്ടപ്പോൾ തോന്നിയത്. എന്നും കഞ്ഞിയും പയറും കഴിച്ച് മടുക്കുന്നതിൽനിന്ന് നമ്മുടെ കുട്ടികളെ രക്ഷിക്കാൻ നമുക്കു സാധിക്കണം.

## പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ മികവിനായി

സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനം രണ്ടു സംസ്ഥാനങ്ങളിലും പ്രധാന പ്രശ്നം തന്നെ. രാജസ്ഥാനിലെ പട്ടിക വർഗ വിഭാഗങ്ങളുടെ സാക്ഷരത 13.18% മാത്രമാണ്. പിന്നോക്ക ജാതിക്കാരെപ്പോലെ തന്നെ മറ്റു ജാതിക്കാരിലെ സാമ്പത്തികശേഷിയില്ലാത്തവരുടെ നിലയും പ്രയാസകരം തന്നെയാണ്. ഇവർ വിദ്യാലയത്തിലെത്താതിരിക്കുന്നതാണ് വയനാട്ടിലെ പോലെ ഇവിടെയും പ്രശ്നം. ഉച്ചഭക്ഷണപരിപാടിയിലെ മികവ് ഒരു പരിധിവരെ പരിഹാരമാകുന്നുണ്ടെങ്കിലും. പാഠപുസ്തകം, യൂണിഫോം തുടങ്ങിയവയുടെ സൗജന്യവിതരണം പോലെയുള്ള കാര്യങ്ങൾ അവിടെയും നടക്കുന്നുണ്ട്. കൂടുതൽ മികച്ച



DIET WAYANAD